# പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1890 — 14.07.2011-ൽ മറുപടിക്ക്

## ജലസുരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. പി. ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലസുരക്ഷാ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) ജലവിഭവ മേഖലയിലെ രണ്ട് പ്രധാന പ്രശ്നങ്ങളാണ് ജലദൗർലഭ്യവും ഗുണനിലവാരശോഷണവും. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി ജലവിഭവ മേഖലയോടുള്ള സമീപനങ്ങളിൽ മാറ്റം വരുത്തുക. സ്ഥാപനങ്ങളുടെ ഏകോപനവും മെച്ചപ്പെട്ട സേവനവും ഉറപ്പു വരുത്തുക, അതുവഴി ജലവിഭവ മേഖലയെ ഊർജ്ജസ്വലമാക്കുക എന്നതാണ് ജലസുരക്ഷാ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.<br>ഉദ്ദേശ്യങ്ങൾ:<br>1. ജലസമ്പത്ത് സംരക്ഷിച്ച് ശുദ്ധജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക<br>2. നീർത്തടാടിസ്ഥാനത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക<br>3. ജലത്തിന്റെ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുക.<br>4. ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപോഷണവും ഉറപ്പു വരുത്തുക. |

| | |
|---|---|
| (ബി) ജലസുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് സി.ഡബ്ല്യു.ആർ.ഡി.എം ന്റെ നേതൃത്വത്തിൽ ജലത്തിന്റെ ഗുണനിലവാരത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; <br><br> (സി) പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമീണ കുടിവെള്ള പദ്ധതികളിലെ ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ? | ബി & സി. <br> സി.ഡബ്ല്യു.ആർ.ഡി.എം കുന്നമംഗലം പഞ്ചായത്തിൽ ജലസുരക്ഷാ പദ്ധതിയുടെ ഭാഗമായി "വാട്ടർകാർഡ്" നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഗാർഹികമായ ജലസ്രോതസ്സുകളുടെ ഗുണനിലവാരം പരിശോധിക്കുകയും അതിന്റെ വിശദാംശങ്ങൾ കാർഡിൽ രേഖപ്പെടുത്തി നൽകുകയും ചെയ്യുന്നുണ്ട്. ഇതിലൂടെ കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണത്തെക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ എത്തിക്കാൻ ശ്രമിക്കുന്നുണ്ട്. ഇതു കൂടാതെ UNICEF ന്റെ സഹകരണത്തോടെ കുടിവെള്ള സ്രോതസ്സുകളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും പരിഹരിക്കാനുമുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാനും പദ്ധതി നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ